കൃഷ്ണബോധസമൂഹത്തിൽ ചേരുന്നതിനുമുമ്പ് തീർത്ഥാടകസംഘാംഗങ്ങളിൽ ഒരാൾ മുസ്ലിമും രണ്ടു പേർ ജൂതന്മാരും മററുള്ളവർ ക്രിസ്ത്യാനികളും ആയിരുന്നു. 'പക്ഷേ, ഞങ്ങളുടെ മുഖ്യമതം മാർക്സിസമായിരുന്നു; ഞങ്ങളോടു പ്രസംഗിച്ചിരുന്നതു് നാസ്തികവാദവും.' എന്നു് അവർ കൂട്ടിച്ചേർത്തു. കല്ക്കത്തയിൽ വന്ന കൃഷ്ണബോധസമൂഹാംഗങ്ങൾ എല്ലാം ഇപ്പോൾ മുഴുവൻ സമയവും കൃഷ്ണബോധസന്ദേശം പ്രചരിപ്പിക്കാനാണു വിനിയോഗിക്കുന്നതു്. 'സ്റ്റേററിനുവേണ്ടി ജോലി ചെയ്യാൻ ഞങ്ങൾക്കു മടിയില്ല. പക്ഷേ, സമൂഹത്തിന്റെ ജോലികൾ കഴിഞ്ഞാൽ മററു ജോലികൾ ചെയ്യാൻ ഞങ്ങൾക്കു സമയം കിട്ടുന്നില്ല' എന്നു് അവർ പറഞ്ഞു. എന്നാൽ, സോവിയററ് യൂനിയനിലെ മററു പല കൃഷ്ണബോധസമൂഹാംഗങ്ങളും സ്വന്തം തൊഴിൽ ചെയ്തുകൊണ്ടിരിക്കെത്തന്നെ ഒഴിവുസമയത്തു് വൈഷ്ണവസാധനകൾ അനുഷ്ഠിക്കുന്നവരാണു്. വിശ്വാസത്തിന്റെ പേരിൽ അവരെ ഇപ്പോൾ സോവിയററ് സർക്കാർ ദ്രോഹിക്കുന്നില്ല. മാത്രമല്ല, മോസ്കോവിൽ ഒരു കൃഷ്ണക്ഷേത്രം പണിയാൻ സ്ഥലം നൽകാമെന്നു സമൂഹത്തെ സോവിയററ് ഭരണകൂടം അറിയിച്ചിട്ടുമുണ്ടു്. ഭഗവദ്ഗീതയുടെ റഷ്യൻ ഭാഷയിലുള്ള വിവർത്തനത്തിന്റെ നാല്പതിനായിരം പ്രതികൾ ഇതിനകം വിററു കഴിഞ്ഞു. അർമീനിയൻഭാഷയിലുള്ള ഗീതാവിവർത്തനത്തിന്റെ പതിനായിരം പ്രതികൾ അച്ചടിക്കാൻ അനുവാദം ലഭിച്ചിട്ടുമുണ്ടു്. വൈഷ്ണവദീക്ഷ സ്വീകരിച്ച 450 പ്രചാരകരടക്കം പതിനായിരത്തോളം കൃഷ്ണബോധസമൂഹാംഗങ്ങൾ ഇപ്പോൾ സോവിയററ് യൂനിയനിലുണ്ടു്. ഈ പ്രസ്ഥാനത്തിനു് സോവിയററ് യൂനിയനിൽ വലിയ പ്രചാരം അടുത്തകാലത്തു കൈവരുമെന്നാണു് കൽക്കത്തയിലെത്തിയ തീർത്ഥയാത്രക്കാരുടെ സംഘം പ്രതീക്ഷിക്കുന്നതു്.

'നിങ്ങൾ എന്തിനു് കൃഷ്ണബോധസമൂഹത്തിൽ ചേർന്നു'? എന്ന ചോദ്യത്തിനു് തീർത്ഥാടകസംഘാംഗങ്ങൾ ഇങ്ങനെ ഉത്തരം നൽകി. 'ഞങ്ങൾക്കു് അദ്ധ്യാത്മബോധം ഇല്ലായിരുന്നു. ഞങ്ങളെപ്പററിയും ഞങ്ങളുടെ നിലനില്പിനെപ്പററിയുമുള്ള ഒട്ടേറെ ചോദ്യങ്ങൾക്കു് ഉത്തരം ഭഗവദ്ഗീത വായിച്ചപ്പോൾ ഞങ്ങൾക്കു കിട്ടി.'

6 മാർച്ച്, 1989

# 63. ഉജ്ജയിനിയിലെ വേശ്യകൾ

സന്തതിപരമ്പരയെ ശാശ്വതീകരിക്കുന്നതിനു പ്രകൃതി നൽകിയ അവയവങ്ങൾ വാടകയ്ക്കു കൊടുത്തു്, അതിൽനിന്നുള്ള വരുമാനംകൊണ്ടു ജീവിക്കേണ്ടിവരുക എന്നതാണു് സ്ത്രീക്കു നേരിടാവുന്ന ഏററവും വലിയ ഗതികേടു്. എങ്കിലും അറിയപ്പെട്ട കാലംമുതൽ എല്ലാ രാജ്യങ്ങളിലും കുറെയേറെ സ്ത്രീകൾ ഈ ഗതികേടിനു വിധേയരായിട്ടുണ്ടു്. 'ഏററവും ആദിമമായ തൊഴിൽ' എന്നു വേശ്യാവൃത്തി വിവരിക്കപ്പെടുന്നതു് അതുകൊണ്ടാണല്ലോ.

മററു പല രാജ്യങ്ങളിലുമെന്നപോലെ പ്രാചീന ഇന്ത്യയിലും വേശ്യാവൃത്തി മതത്തിന്റെ ഒരു ഭാഗവും വേശ്യകൾ 'ദേവദാസി'കളുമായി അംഗീകരിക്കപ്പെട്ടു. സർക്കാരുകൾ വേശ്യാലയങ്ങൾക്കു സംരക്ഷണം നൽകി; വേശ്യകൾക്കു നികുതി ചുമത്തി ഖജനാവിലേക്കു പണം നേടി; വേശ്യകളെ പലപ്പോഴും ചാരവൃത്തിക്കു് ഉപയോഗപ്പെടുത്തുകയുംചെയ്തു.

ഇന്ത്യയുടെ സ്വാതന്ത്ര്യസമരം സ്ത്രീവിമോചനത്തിനുവേണ്ടിയുള്ള സമരം കൂടിയായിരുന്നു. ഗാന്ധിജി പൂർണമായ സ്ത്രീപുരുഷസമത്വത്തിനുവേണ്ടി നിലകൊണ്ടു. സ്ത്രീവിമോചനത്തിനുള്ള മാർഗമെന്ന നിലയിലാണു് പഞ്ചായത്തുക

ളിലും നഗരസഭകളിലും മുപ്പതു ശതമാനം സീറ്റുകൾ സ്ത്രീകൾക്കു സംവരണം ചെയ്യണമെന്ന് പ്രധാനമന്ത്രി രാജീവ്ഗാന്ധി ഇപ്പോൾ ആവശ്യപ്പെടുന്നത്.

എന്നിട്ടും ഇന്ത്യയിലെ ഒരു നഗരത്തിലെങ്കിലും ഇന്നും വേശ്യാവൃത്തി നിയമവിധേയമാണെന്നും വേശ്യകളിൽനിന്നു നികുതി സർക്കാർ പിരിച്ചെടുക്കുന്നുണ്ടെന്നുമുള്ള വാസ്തവം എത്രപേർ മനസ്സിലാക്കിയിട്ടുണ്ട്?

മദ്ധ്യപ്രദേശ് സംസ്ഥാനത്തിലെ ഒരു നഗരമായ ഉജ്ജയിനിയിലാണ് നിയമവിധേയമായ വേശ്യാവൃത്തി ഇപ്പോഴും പുലർന്നുവരുന്നത്. വിക്രമാദിത്യ സാമ്രാജ്യത്തിന്റെ തലസ്ഥാനമെന്ന നിലയിൽ ചരിത്രപ്രാധാന്യമുള്ള ഒരു നഗരമെന്നതിനു പുറമെ ഉജ്ജയിനി ഒരു തീർത്ഥാടനകേന്ദ്രംകൂടിയാണ്. ഉജ്ജയിനിയിലെ ശിപ്രാനദിയിൽ സ്നാനംചെയ്യുന്നതും ഈ നദിയുടെ തീരത്തുള്ള മഹാകാളക്ഷേത്രത്തിൽ പ്രതിഷ്ഠിക്കപ്പെട്ട ശിവനെ വന്ദിക്കുന്നതും മോക്ഷദായകങ്ങളായ പുണ്യകർമങ്ങളാണെന്നു ഹിന്ദുക്കൾ കരുതുന്നു. പിടികളിൽ രത്നം പതിച്ച വെൺചാമരങ്ങൾ പേറിക്കൊണ്ടും 'കാലടിവെപ്പിൽക്കാലടിവെപ്പിൽക്കാഞ്ചി കിലുങ്ങി'ക്കൊണ്ടും, വേശ്യകൾ മഹാകാളക്ഷേത്രത്തിലെ ഉത്സവബലിക്ക് അകമ്പടി സേവിക്കുന്നതിനെപ്പറ്റി കാളിദാസൻ എഴുതിയിട്ടുണ്ട്. അന്നത്തെ ക്ഷേത്രവേശ്യകളുടെ പാരമ്പര്യം ഉജ്ജയിനിയിലെ നൂറിലേറെ വേശ്യകൾ ഇന്നും നിലനിർത്തുന്നു. പക്ഷേ, ക്ഷേത്രാരാധനയിൽ അവർക്ക് ഇന്ന് ഒരു പങ്കുമില്ല. ദുർമാർഗചാരികളുടെ കാമസമ്പൂർത്തി എന്ന കർത്തവ്യം മാത്രമെ ഇന്ന് അവർ നിറവേറ്റുന്നുള്ളു.

ഇന്ത്യ സ്വാതന്ത്ര്യം നേടി ഒരു പതിറ്റാണ്ടിനുശേഷം 1956–ൽ മദ്ധ്യപ്രദേശ് നിയമസഭ പാസ്സാക്കിയ മുനിസിപ്പൽ കോർപ്പറേഷൻ നിയമപ്രകാരം വേശ്യാവൃത്തിക്കു വേണമെങ്കിൽ അംഗീകാരം നൽകാവുന്നതാണ്. ഈ നിയമത്തിലെ 4 (എ) വകുപ്പിന്റെ മൂന്നാം ഉപവകുപ്പ്, ആണ്ടുതോറും ഒരു നിശ്ചിതസംഖ്യ ഫീസായി വാങ്ങി വേശ്യകൾക്കു ലൈസൻസ് നൽകാൻ മുനിസിപ്പാലിറ്റികളെ അധികാരപ്പെടുത്തുന്നു.

വേശ്യകൾ ആവശ്യപ്പെട്ടതിനെത്തുടർന്ന് 1981–ലാണത്രെ ഉജ്ജയിനി നഗരപാലിക (മുനിസിപ്പാലിറ്റി) വേശ്യകൾക്കു ലൈസൻസ് നൽകിത്തുടങ്ങിയത്. ഇന്ത്യൻ ഭരണഘടനയിൽ 19–ാം വകുപ്പിലെ ഒന്നാം ഉപവകുപ്പിലെ (ജി) എന്ന അനുച്ഛേദം, 'ഏതെങ്കിലും തൊഴിലിലോ ജീവനത്തിലോ ഏർപ്പെടുകയോ ഏതെങ്കിലും വ്യാപാരമോ ബിസിനസോ നടത്തുകയോ' ചെയ്യുവാനുള്ള അവകാശം എല്ലാ പൗരന്മാർക്കും നൽകുന്നുണ്ട്. ഇതനുസരിച്ച് വ്യഭിചാരമെന്ന തൊഴിലിൽ ഏർപ്പെടാനുള്ള തങ്ങളുടെ അവകാശം നഗരപാലിക അംഗീകരിക്കണമെന്ന് ഉജ്ജയിനിയിലെ വേശ്യകൾ 1981 ജനുവരി 24–ാം തീയതി നഗരപാലികയ്ക്കു നിവേദനം നൽകി. തങ്ങളുടെ നിവേദനം നടപ്പിലാക്കിക്കിട്ടാൻ അവർക്കു കുറച്ചുകാലം സമരംചെയ്യേണ്ടിവന്നു. തുടർന്ന്, വേശ്യകളുടെ ന്യായമായ അവകാശം അനുവദിക്കണമെന്ന് ഉജ്ജയിനി നഗരപാലിക മധ്യപ്രദേശ് ഗവണ്മെന്റിനോടു ശുപാർശചെയ്തു. 1981 ഫെബ്രുവരി 2–ാം തീയതി ഗസറ്റിൽ പ്രസിദ്ധീകരിച്ച ഒരു വിജ്ഞാപനത്തിലൂടെ നിശ്ചിത ഫീസ് അടച്ചു ലൈസൻസ് വാങ്ങിയ വേശ്യകളുടെ വ്യഭിചാരം നിയമവിധേയമാണെന്ന് മദ്ധ്യപ്രദേശ് ഗവണ്മെന്റ് പ്രഖ്യാപിക്കുകയുംചെയ്തു. ഗവൺമെന്റിന്റെ പ്രഖ്യാപനമനുസരിച്ച് തങ്ങളുടെ മൂന്നു ഫോട്ടോഗ്രാഫുകളും സിവിൽസർജനിൽനിന്നുള്ള ഒരു ആരോഗ്യസർട്ടിഫിക്കറ്റും അമ്പതുരൂപ ഫീസും മുനിസിപ്പൽ കോർപ്പറേഷനിൽ സമർപ്പിക്കുന്ന വേശ്യമാർക്ക് ലൈസൻസിനു് അർഹത കൈവന്നു. ഉജ്ജയിനിയിലെ വേശ്യമാർക്കിടയിൽ വലിയ ആഹ്ലാദത്തിന് സർക്കാരിന്റെ ഈ പ്രഖ്യാപനം കാരണമായി എന്നാണ് ഇതു സംബന്ധിച്ച പത്രവാർത്തയിൽ കാണുന്നത്.

വ്യഭിചാരത്തൊഴിൽ നിയമവിധേയമാക്കുക എന്ന ലക്ഷ്യം നേടിയെടുക്കുന്നതിനുവേണ്ടി 'വേശ്യാ കല്യാൺ സംഘ്' എന്ന ഒരു സംഘടന ഉജ്ജയിനിയിൽ

ചിലർ ചേർന്നു രജിസ്റ്റർചെയ്തിരുന്നു. ഗവൺമെൻറിൻെറ മുൻപറഞ്ഞ തീരുമാനം തങ്ങളുടെ വിജയമാണെന്ന് ഈ സംഘടന പ്രസ്താവിച്ചു.

1932–83-ൽ ഉജ്ജയിനി നഗരപാലിക നൂററിരുപത്തിമൂന്ന് (123) വേശ്യകൾക്ക ലൈസൻസ് നൽകി. 1985–86-ൽ ലൈസൻസ് നേടിയതു് നൂററിപ്പതിനെട്ട് (118) വേശ്യകളായിരുന്നു.

വ്യഭിചാരം നിയമവിധേയമാക്കുന്ന മദ്ധ്യപ്രദേശ് ഗവൺമെൻറിൻെറ പ്രഖ്യാപനത്തിനു വളരെ താമസിച്ചുമാത്രമെ ഇന്ത്യയിലെ മഹിളാസംഘടനകളിൽനിന്ന് എന്തെങ്കിലും പ്രതികരണം ഉണ്ടായുള്ളു. 'മാംസവ്യാപാര'ത്തിനു നിയമവിധേയത നൽകിയതിൽ 'അസോസിയേഷൻ ഫോർ സോഷ്യൽ ഹെൽത്ത് ഇൻ ഇന്ത്യ' എന്ന സംഘടന 1983 ജൂൺ 26–ാം തീയതി നടുക്കം പ്രകടിപ്പിച്ചു. മദ്ധ്യപ്രദേശ് സർക്കാരിൻെറ നിർഭാഗ്യകരമായ തീരുമാനത്തിൽ പ്രതിഷേധിച്ചുകൊണ്ട് ഈ സംഘടന പ്രധാനമന്ത്രിക്ക് ഒരു നിവേദനം സമർപ്പിക്കുകയുംചെയ്തു.

പ്രതിഷേധത്തിനു ശക്തി വർധിച്ചപ്പോൾ വ്യഭിചാരത്തിനു ലൈസൻസ് നൽകുക എന്ന നാണക്കേട് അവസാനിപ്പിക്കാൻ ഉജ്ജയിനി നഗരപാലിക തീരുമാനിച്ചു. നഗരപാലിക ഈ വിഷയം സംബന്ധിച്ച് പാസ്സാക്കിയ പ്രമേയം ഗവൺമെൻറിന് അയച്ചുകൊടുത്തു. ഒടുവിൽ ഈ ആണ്ടിൽ (1989–90–ൽ) വേശ്യകളുടെ ലൈസൻസ് നവീകരിക്കേണ്ടതില്ലെന്നു മദ്ധ്യപ്രദേശ് സർക്കാർ ഉജ്ജയിനി നഗരപാലികയെ അറിയിച്ചു.

തൊഴിൽചെയ്യുന്നതിനുള്ള തങ്ങളുടെ അവകാശം നഷ്ടപ്പെടുന്നതിൽ ഉജ്ജയിനിയിലെ വേശ്യമാർക്കു പ്രതിഷേധമുണ്ട്. 'വേശ്യാ കല്യാൺ സംഘ്' എന്ന സംഘടന ഇപ്പോൾ വീണ്ടും സജീവമായിരിക്കുന്നു. ഈ സംഘടനയിൽ നൂറിലേറെ വേശ്യമാർ ഇപ്പോൾ അംഗങ്ങളായുണ്ടത്രെ. ലൈസൻസ് സമ്പ്രദായം പുനഃസ്ഥാപിച്ചു കിട്ടുവാനുള്ള സമരം തങ്ങൾ താമസിയാതെ ആരംഭിക്കുമെന്ന് ഈ സംഘടനയുടെ അദ്ധ്യക്ഷയായ ശകുന്തളാബായി പ്രസ്താവിച്ചതായി 1989 ജൂൺ 23–ാം തീയതിയിലെ 'ഹിന്ദുസ്ഥാൻ ടൈം'സിൽ ഒരു വാർത്തയുണ്ടായിരുന്നു.

ലൈസൻസ് ഏർപ്പെടുത്തിയതിനെത്തുടർന്ന് വേശ്യകളുടെ എണ്ണം വളരെ കുറഞ്ഞിട്ടുണ്ടെന്നാണ് ശകുന്തളാബായി പറയുന്നതു്. ലൈസൻസ് കിട്ടിയതോടെ പോലീസുകാർ തങ്ങളെ ദ്രോഹിക്കാതായി എന്നും വേശ്യകൾക്ക് ആരോഗ്യസർട്ടിഫിക്കററ് നിർബന്ധിതമാക്കിയതിനെത്തുടർന്ന് അവർക്കിടയിൽ രോഗങ്ങൾ വളരെ കുറഞ്ഞു എന്നും 'വേശ്യാകല്യാൺസംഘ്' പ്രസിഡണ്ട് ചൂണ്ടിക്കാണിക്കുന്നുണ്ട്.

നൂറോളം വേശ്യകളാണ് ഈ ആണ്ടിൽ ഉജ്ജയിനിയിൽ ലൈസൻസിനു് അപേക്ഷിച്ചിട്ടുള്ളതു്.

ഇന്ത്യയിൽ ഒരു നഗരത്തിലെങ്കിലും നിയമാനുഗൃഹീതമായ വേശ്യാവൃത്തി നിലവിലിരിക്കുന്നു എന്ന വസ്തുത സാമൂഹ്യചിന്തകർ മനസ്സിലാക്കിയിരിക്കേണ്ടതാണ്. പ്രത്യേകിച്ച് മഹിളാസംഘടനകൾ ഈ വിഷയത്തിൽ താല്പര്യമെടുക്കണം

കർണാടകസംസ്ഥാനത്തിൽ സൗന്ദത്തി താലൂക്കിലുള്ള യെല്ലമ്മാ ക്ഷേത്രത്തിലും മററും പെൺകുട്ടികളെ 'നടതള്ളി' ദേവദാസികളാക്കുന്ന സമ്പ്രദായം ഇപ്പോഴും നിലവിലുണ്ടല്ലോ. ബോംബെപോലുള്ള മഹാനഗരങ്ങളിൽ പോലീസിൻെറയും ഗുണ്ടകളുടെയും സംയുക്തസംരക്ഷണത്തിൽ പുലർന്നുവരുന്ന നരകതുല്യങ്ങളായ വേശ്യാലയങ്ങളിലാണ് ഈ പെൺകുട്ടികളിൽ മിക്കവരുടെയും ജീവിതം അകാലത്തിൽ ഒടുങ്ങുന്നതു്.

നിയമവിരുദ്ധമായ വേശ്യാവൃത്തി ഇന്ത്യയിൽ നിരോധിക്കുക സാദ്ധ്യമാണോ? അല്ലെങ്കിൽ ഉജ്ജയിനിയിലെ 'വേശ്യാ കല്യാൺ സംഘ്' ആവശ്യപ്പെടുന്നതുപോലെ വേശ്യാവൃത്തി നിയമാനുസൃതമാക്കുന്നതു് അഭിലഷണീയമോ?

സ്വതന്ത്രഭാരതം സ്ത്രീക്കു വാഗ്ദാനംചെയ്യുന്ന സമത്വത്തിനും സ്വാതന്ത്ര്യത്തിനും നിരക്കുന്നതാണോ വേശ്യാവൃത്തിക്കു ലൈസൻസ് നൽകുന്ന വഴക്കം?

രാജ്യവ്യാപകമായ ചർച്ച അർഹിക്കുന്ന ഗൗരവമുള്ള ഒരു വിഷയമാണെന്നു തോന്നിയതിനാലാണ് ഈയാഴ്ച ഇതിനെപ്പററി എഴുതിയതു്.

1 ജൂലൈ, 1989

# 64. മാതൃഭൂമി കൈയടക്കലിനെതിരെ

ഏറനാട് കലാപത്തെത്തുടർന്നു് മലബാറിൽ പൊതുപ്രവർത്തനം അസാദ്ധ്യമായിത്തീരുകയും കോൺഗ്രസ്സിന്റെ പരിപാടികളെപ്പററി പല തെററിദ്ധാരണകളും ജനങ്ങൾക്കിടയിൽ പ്രചരിക്കുകയുംചെയ്തിരുന്ന സന്ദർഭത്തിൽ രാഷ്ട്രീയ സ്വാതന്ത്ര്യത്തിനും ദേശീയനവോത്ഥാനത്തിനും വേണ്ടിയുള്ള പ്രസ്ഥാനങ്ങൾക്കു് ഊർജം പകരുന്നതിനുവേണ്ടിയാണ് 1923 മാർച്ച് 17 മുതൽ മാതൃഭൂമി പത്രം പ്രസിദ്ധീകരിച്ചുതുടങ്ങിയതു്.

'ഒരു മനുഷ്യന് തന്റെ ബാദ്ധ്യത നിറവേററുന്നതിനു് എപ്രകാരം സ്വാതന്ത്ര്യം ആവശ്യമാണോ, അപ്രകാരംതന്നെ ഓരോ രാജ്യക്കാർക്കും തങ്ങളുടെ പ്രത്യേക പരിഷ്കാരത്തെ വളർത്തുന്നതിനും ലോകത്തിന്റെ പൊതുഗുണത്തിനു് സഹായിക്കുന്നതിനും സ്വാതന്ത്ര്യമില്ലാതെ സാധിക്കുന്നതല്ല അതുകൊണ്ടു് അന്യാധീനപ്പെട്ട രാജ്യങ്ങളുടെ സ്വാതന്ത്ര്യത്തിനുവേണ്ടി പൊതുവായും നമ്മുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യസിദ്ധിക്കായി പ്രത്യേകിച്ചും ഞങ്ങൾ നിരന്തരം പരിശ്രമിക്കുന്നതാണ്.

'സകല ജാതിമതസ്ഥർക്കും പൊതുവായിട്ടുള്ളതാണ് ജന്മഭൂമി. അവരവരുടെ അഭിപ്രായങ്ങളെയും വിശ്വാസങ്ങളെയും അന്യോന്യം ബഹുമാനിച്ച് പൊതുമാതാവിന്റെ അഭിവൃദ്ധിക്ക് ഏകോപിച്ചു പ്രവർത്തിക്കുന്നതിലാണ് രാജ്യത്തിന്റെ രക്ഷയും ശ്രേയസ്സും ഇരിക്കുന്നതു്. നാനാജാതിമതസ്ഥരുടെ ഇടയിൽ യോജിപ്പു വദ്ധിപ്പിക്കുവാനും അവരുടെ അഭിപ്രായങ്ങളെ അന്യോന്യം ബഹുമാനിക്കുവാനുമുള്ള വാസന പൂർവാധികം ഉണ്ടാക്കുവാൻ ഞങ്ങൾ നിർവ്യാജം ഉദ്യമിക്കുന്നതാകുന്നു.

'ഇന്ത്യയിലെ പ്രത്യേകിച്ചും കേരളത്തിലെ അധഃകൃതവർഗക്കാരുടെ സ്ഥിതി രാജ്യത്തിന്റെ ക്ഷേമത്തിനും അവരുടെ അഭിമാനത്തിനും രാജ്യക്കാരുടെ ഐക്യത്തിനും വലിയ പ്രതിബന്ധമായിരിക്കുകകൊണ്ടു് അവരുടെ ഉദ്ധാരണത്തിലും ക്ഷേമത്തിലും ഞങ്ങൾ സദാ ജാഗരൂകരായിരിക്കും.

'ഒരേ ഭാഷ സംസാരിച്ച് ഒരേ ചരിത്രത്താലും ഐതിഹ്യത്താലും ബന്ധിക്കപ്പെട്ടു് ഒരേ ആചാരസമ്പ്രദായങ്ങൾ അനുഷ്ഠിച്ചുവരുന്ന കേരളീയർ ഇപ്പോൾ ചിന്നിച്ചിതറി മൂന്നു നാലു ഭരണത്തിനു കീഴിൽ ആയിത്തീർന്നിട്ടുണ്ടെങ്കിലും കേരളീയരുടെ പൊതുഗുണത്തിനും വളർച്ചയ്ക്കും ശ്രേയസ്സിനും കേരളത്തിന്റെ നാനാഭാഗങ്ങളിലും നിവസിക്കുന്ന ജനങ്ങൾ തമ്മിൽ ഇപ്പോൾ ഉള്ളതിൽ അധികം ചേർച്ചയും ഐക്യവും ഉണ്ടായിത്തീരേണ്ടതു് എത്രയും ആവശ്യമാകകൊണ്ടു് ഈ കാര്യനിവൃത്തിക്കും മാതൃഭൂമി വിടാതെ ഉത്സാഹിക്കുന്നതാണ്.'

ആദ്യലക്കത്തിൽത്തന്നെ കേരളീയരുടെ മുമ്പിൽ മാതൃഭൂമി കൈക്കൊണ്ട പാവനമായ പ്രതിജ്ഞയാണ് മേൽ ഉദ്ധരിച്ചതു്. ഈ പ്രതിജ്ഞ ആത്മാർത്ഥമായും ഊർജസ്വലമായും നിറവേററുന്നതിനിടയിൽ ഇക്കഴിഞ്ഞ അറുപത്താറു വർഷങ്ങളിൽ പല പ്രതികൂല പരിതഃസ്ഥിതികളെയും മാതൃഭൂമിക്കു നേരിടേണ്ടി വന്നിട്ടുണ്ടു്. മാതൃഭൂമിയുടെ സേവനം രാജ്യസേവനവും സമൂഹസേവനവുമാണെന്നു കരുതി അർപ്പണബുദ്ധിയോടെയും പരമാവധി ത്യാഗങ്ങളനുഷ്ഠിച്ചും